# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "സംവിധാനിക്കുന്നവൻ അല്ലാഹുമാത്രം"(07/10/16)

---

فَلَمْ تَقْتُلُوهُمْ وَلَكِنَّ اللّهَ قَتَلَهُمْ وَمَا رَمَيْتَ إِذْ رَمَيْتَ وَلَكِنَّ اللّهَ رَمَى (انفال١٧)

തൗഹീദിനെ കുറിച്ചാണ് നാംപറഞ്ഞ് വരുന്നത്,തൗഹീദീ വിശ്വാസത്തിന്റെ 3-ാംഭാഗം"അഫ്ആലിലെ തൗഹീദാണ്."

➢ **പ്രപഞ്ചം കാര്യകാരണ ബന്ധത്തിന് വിധേയമാണ്.**

ഏതൊരു കാര്യം നടക്കുന്നതിനും നടക്കാത്തതിനും പിന്നിൽ ഒരു കാരണമുണ്ടാകും. ഉദാ. ഭക്ഷണം കഴിക്കുമ്പോൾ വിശപ്പ് മാറുന്നു. മഴ നനഞ്ഞാൽ ജലദോഷം/പനി പിടിക്കുന്നു. ഇന്ധനമില്ലാത്തതിനാൽ വാഹനം ഓടുന്നില്ല. ഇവിടെയെല്ലാം ഭൗതീക നോട്ടത്തിൽ കാര്യങ്ങൾ നടക്കുന്നത് കാരണങ്ങളെ കൊണ്ടാണ്. യഥാർത്ഥത്തിൽ കാരണങ്ങളെ സൃഷ്ടിക്കുന്നതും അതുവഴി കാര്യങ്ങൾ നടത്തുന്നതും അല്ലാഹുവാണ്. നമ്മുടെ നോട്ടത്തിൽ കാരണങ്ങളെ മാത്രമേ നാം കാണുന്നുള്ളു. പക്ഷേ അതിന്റെ പിന്നിൽ എല്ലാ കഴിവും ശക്തിയും നൽകുന്നവനും അതിനെ ആ നിലക്ക് ആക്കി തീർക്കുന്നവനും അല്ലാഹു ആകുന്നു.

➢ **എന്നാൽ നേരിട്ട് പ്രവർത്തനങ്ങൾ നടത്തുന്ന രീതിയല്ല അല്ലഹു പുലർത്തുന്നത്. കാരണങ്ങൾ വഴിയും മാധ്യമങ്ങൾ വഴിയും ആയിട്ടാണ് അവൻ പ്രവർത്തനങ്ങൾ നടത്താറുള്ളത്.**

ഉദാ: ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും അല്ലാഹു ആണെന്ന് നാം വിശ്വസിക്കുന്നു.

لا إله إلا الله وحده لا شريك له له الملك وله الحمد يحيي ويميت وهو على كل شيء قدير

പക്ഷേ അല്ലാഹു ആരുടെയും റൂഹ് പിടിക്കാറില്ല.

قُلْ يَتَوَفَّاكُم مَّلَكُ الْمَوْتِ الَّذِي وُكِّلَ بِكُمْ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ (١١) (السجدة)

ഇവിടെ അസ്റാഈൽ അല്ലാഹുവിന്റെ പങ്കാളിയല്ല. ജോലി ചെയ്യിക്കുന്ന അടിമയാണ്. അതുകൊണ്ടാണ് സൂറിൽ ഊതാൻ കൽപ്പിക്കപ്പെട്ട ഇസ്റാഫീൽ (അ) അനുമതിക്കായി കാത്തുനിൽക്കുന്നത്.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَا أَطْرَفَ صَاحِبُ الصُّورِ مُذْ وُكِّلَ بِهِ مُسْتَعِدٌ ، يَنْظُرُ نَحْوَ الْعَرْشِ مَخَافَةَ أَنْ يُؤْمَرَ قَبْلَ أَنْ يَرْتَدَّ إِلَيْهِ طَرْفُهُ (حاكم صحيح الإسناد)

ഇവിടെ ഇസ്റാഫീലിന് സ്വന്തമായി യാതൊന്നും ചെയ്യാൻ ആവില്ല. അല്ലാഹുവാണ് നടപ്പാക്കുന്നവൻ. ഇസ്റാഫീലിനെ കൊണ്ട് അവൻ ചെയ്യിക്കുന്നുവെന്നു മാത്രം.

➢ **മനഷ്യരുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് അല്ലാഹുവാണെന്ന ആശയം ഖുർആൻ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്.**

وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ اللَّهَ رَمَىٰ ۚ (أنفال ١٧)

(=ബദ്റിൽ നബി(സ) മണൽ വാരി ശത്രുക്കളുടെ നേരെ എറിഞ്ഞപ്പോഴാണ് ഈ ആയത്ത് അവതരിച്ചത്.)

لما دنا القوم بعضهم من بعض ، أخذ رسول الله صلى الله عليه وسلم قبضة من تراب ، فرمى بها في وجوه القوم ، وقال : شاهت الوجوه . فدخلت في أعينهم كلهم ، وأقبل أصحاب رسول الله صلى الله عليه وسلم يقتلونهم ويأسرونهم (ابن كثير)

ഈ ആയത്ത് നൽകുന്ന പാഠം: ഏത് പ്രവർത്തനവും അല്ലാഹുവാണ് നടപ്പാക്കുന്നതും സൃഷ്ടിക്കുന്നതും എന്നാണ്. അവയുടെ കാരണങ്ങൾ എല്ലാം ഒരു നിമിത്തം മാത്രമാണ്. ഉദാ. രോഗം വരുത്തുന്നതും മാറ്റുന്നതും അല്ലാഹു മാത്രം. മരുന്ന് ഒരു നിമിത്തം മാത്രമാണ്. അല്ലാത്തപക്ഷം മരുന്ന് എല്ലാവരുടേയും രോഗത്തെ മാറ്റണമായിരുന്നു. അതുണ്ടാകുന്നില്ല. ചിലരുടെ രോഗം മാറുന്നു. മറ്റ് ചിലരുടേത് മാറുന്നില്ല. ചുരുക്കത്തിൽ യഥാർത്ഥ കൈകാര്യ കർത്താവ് അല്ലാഹു മാത്രമാണ്.

- ഈ ആശയം ഇബ്റാഹിം (അ) പഠിപ്പിക്കുന്നുണ്ട്.

وَإِذَا مَرِضْتُ فَهُوَ يَشْفِينِ (٨٠)(سورة الشعراء) أي يُبْرئني من المرض وَيُعطِي الشفاءَ. لا الأطباءُ. وذلك انهم كانوا يقولون. المرض من الزمان ومن الأغْذِية. والشفاءُ من الأطباء والادوية. فأَعْلَمَ ابراهيم ان الذى امْرضَ هو الذى يَشْفي (روح البيان)

(=രോഗം വരുത്തുന്നവനും മാറ്റുന്നവനും അല്ലാഹുവാണ്. എന്നാൽ തന്റെ ജനതയുടെ വിശ്വാസം: രോഗം വരുത്തുന്നത് ഭക്ഷണവും സീസനും ആണ്. രോഗം മാറ്റുന്നത് മരുന്നും ഡോക്ടറുമാണ് എന്നായിരുന്നു. അത് തെറ്റാണെന്നും രോഗം വരുത്തുന്നതും മാറ്റുന്നതും അല്ലാഹു മാത്രമാണ് എന്നദ്ദേഹം അവരെ പഠിപ്പിച്ചു.) യഥാർത്ഥത്തിൽ മരുന്നും വൈദ്യരും ഒരു നിമിത്തം മാത്രമാണ്. അല്ലാഹുവും മൂസാനബി(അ)യും തമ്മിലുള്ള ഒരു സംഭാഷണം കാണുക.

رُوي عن موسى صلى الله عليه وسلم أنه قال: يارِبِّ مِمَّنِ الداءُ والدَّواء؟ فقال تعالى: مِنِّي ، قال: فما يَصنعِ الأطباءُ؟ قال: يأكلون أرزاقَهم ويُطَيِّبون نُفُوسَ عبادي حتى يأتِيَ شِفائي أو قضائي (إحياء)

- അതേ സമയം സബബുകളെ ഉപയോഗപ്പെടുത്തുന്നതിന് ദീൻ തടസ്സമല്ല. ഉദാ: ചികിത്സ സുന്നത്താണ്.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَا أَنْزَلَ اللَّهُ دَاءً إِلَّا أَنْزَلَ لَهُ شِفَاءً

عَنْ عائشة: عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إن هذه الحبَّة السوداء شفاء من كل داء (البخاري)

പക്ഷേ അവയിൽ ആശയും പ്രതീക്ഷയും അർപ്പിക്കരുത്. ശിഫയുടെ കാരണമാക്കിയ റബ്ബിൽ പ്രതീക്ഷ അർപ്പിക്കുക. തവക്കുലാക്കുക. ഇന്ന് ബിസ്മി പോലും ചൊല്ലാതെ നാം മരുന്ന് കഴിക്കുന്നു. അഥവാ റബ്ബിനെ ഒഴിവാക്കി മരുന്നിൽ പ്രതീക്ഷ വെക്കുന്നു. ബിസ്മി ചൊല്ലാൻ പറ്റാത്ത പല വസ്തുക്കളും നാം ഉപയോഗിക്കുന്നു. അതുവഴി രക്ഷപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. ഇതെല്ലാം തെറ്റാണ്.

ചുരുക്കം: അല്ലാഹു മാത്രമാണ് കാര്യങ്ങൾ നടത്തുന്നവൻ. ബാക്കി എല്ലാം നിമിത്തം മാത്രം. അവ ഉപയോഗിക്കാം. പക്ഷേ റബ്ബിൽ തവക്കുലാക്കുക. ഇതാണ് തൗഹീദ്.

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)


തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648